# പതിനാലാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3397** **10.12.2018-ൽ മറുപടിയ്ക്ക്**

## തീരദേശ സ്കൂളുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. മുകേഷ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഓഖി ദുരിതാശ്വാസ നടപടികളുടെ ഭാഗമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ തീരദേശ മേഖലയിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതി രൂപീകരണ പുരോഗതി അറിയിക്കുമോ; | എ) ഓഖി ദുരിതാശ്വാസ നടപടികളുടെ ഭാഗമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി തീരദേശ മേഖലയിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല.<br><br>എന്നാൽ തീരദേശ മേഖലയിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ മികവുറ്റതാക്കുകയെന്ന ലക്ഷ്യത്തോടെ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 294.72 കോടി രൂപയുടെ 71 സ്കൂൾ നവീകരണം അടങ്ങുന്ന കൺസെപ്റ്റ് നോട്ടിനും റഫ് കോസ്റ്റ് എസ്റ്റിമേറ്റിനും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഓരോ പദ്ധതി പ്രദേശവും സന്ദർശിച്ച് വിശദമായ എസ്റ്റിമേററ്, പ്ലാനുകൾ, ഡ്രോയിംഗുകൾ എന്നിവ അടങ്ങിയ ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി തയ്യാറാക്കി വരുന്നു. സ്കൂൾ നവീകരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആയത് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ വേണമെന്നറിയിച്ചതിനാൽ പ്രസ്തുത സ്കൂളുകളുടെ ലിസ്റ്റ് അംഗീകാരത്തിനായി പൊതുവിദ്യാഭ്യാസവകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്. |
| ബി) പ്രസ്തുത പദ്ധതിയിൽ കൊല്ലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ? | ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി കൊല്ലം നിയോജക മണ്ഡലത്തിലെ ഗവൺമെന്റ് ഠൗൺ അപ്പർ പ്രൈമറി സ്കൂൾ, കച്ചേരിമുക്ക് നവീകരണത്തിനായി 499.00 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**